# ആമുഖം

**പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്.**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും പൊതുവിദ്യാഭ്യാസവകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സമഗ്ര ഗുണമേന്മ പദ്ധതി അനുസരിച്ച് എല്ലാ വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതിക്ഷീക്കുന്നു. ഇതിലൂടെ വിദ്യാലയത്തിലെ പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കാനും, മികച്ച പഠന അന്തരീക്ഷം സൃഷ്ടിച്ചു കുരുന്നുകൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. എല്ലാ പ്രോജക്ടുകളേയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് സെന്റ് മേരീസ് യൂ.പി സ്കൂൾ., മൂങ്ങോട്. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് തുടർന്നുകൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്. ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

**ജി. പീറ്റർ**
പി.ടി.എ പ്രസിഡന്റ്

**സോണിയ ഫെൺണാണ്ടസ്**
ഹെഡ്മിസ്ട്രസ്സ്

**സജിത**
എം.പി.ടി.എ പ്രസിഡന്റ്

Sreenarayana

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, സംസ്കൃത ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.
4. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കുടുതൽ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്,തുടങ്ങിയവ ആധുനികവത്കരിക്കും.
7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ. കൾ എന്നിവ ചേരും.
8. ഒന്നാം ക്ലാസുമുതൽ 4 -ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്.ആർ.ജി യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
9. 'വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവു നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
10. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടിവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
11. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
12. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
13. ഹരിതസേന രൂപീകരിക്കൽ
14. കൃഷി,ഔഷധത്തോട്ടം ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.
15. വിദ്യാലയം ഹൈടെക്കാക്കി മാറ്റുക.

# അക്കാദമികം

## നേട്ടങ്ങൾ

- അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.
- ആധുനിക രീതിയിൽ നവീകരിച്ച ശിശുസൗഹൃദമായ കെട്ടിട സമുച്ചയം.
- മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.
- 'ഓരോ കുട്ടിയും ഒന്നാമനാണ്' പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശിലനം ലഭ്യമാക്കുന്നു
- കലാപഠനം പ്രവൃത്തിപരിചയ പഠനം. കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
- പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്തു എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ.
- പ്രത്യേക പരിഗണനയും പിന്തുണയുംഅർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്
- സർഗ്ഗാത്മക വേദികൾ,ആശയ പ്രകടനവേദികൾ, ജനാധിപത്യ വേദികൾ, എന്നിവ പ്രോത്സാഹിപ്പിക്കുന്ന വിദ്യാലയം.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു
- കാർഷിക പ്രവൃത്തികൾ ജൈവ വൈവിധ്യ അന്തരിക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല
- മികച്ച ലാബ്,ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാനുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപെടാനുണ്ട്.
- വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.
- മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ഐ.ടി അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ് റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടില്ല എല്ലാഅധ്യാപകർക്കും സാധിച്ചിട്ടില്ല.
- IED കുട്ടികളുടെ പഠനപിന്തുണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.
- ആധുനിക രീതിയിലുള്ള കമ്പ്യൂട്ടർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്.സ്ഥിരതയുള്ള ഇന്റർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ICTയുമായി ബന്ധിപ്പിച്ചു നല്കാൻ പ്രയാസം നേരിടുന്നു. കെ ഫോൺ കണക്ഷൻ അതുവരെ ലഭ്യമാക്കിയിട്ടില്ല.

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയ വിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
5 ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
7. മികച്ച വായനശീലം വളർത്തുക.

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട്ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ് തല വായന മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമ്മാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

Sreenarayana

## പരിസരപഠനം

1. ശാസ്ത്ര പഠനത്തിൽ താൽപ്പര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവമൊരുക്കുക.
3. ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക. ആധുനികശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നത് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ, എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തിയെടുക്കുക.

Sreenarayana

## ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

## പ്രവർത്തിപരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികൾക്കും വികസിപ്പിക്കുക.
2. പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി പഠനവുമായി പ്രവർത്തി പരിചയ അനുഭവത്തെ ബന്ധിപ്പിക്കുക.

## കലാപരിശീലനം

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5. ക്യാമ്പസിനെ മാലിന്യമുക്തമാക്കുക ഹരിതാഭം ആക്കുക.

Sreenarayana

# സംസ്കൃതം

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യ മനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പുവരുത്തുക.
5. ഭാഷാ പഠനത്തിൽ ഐ.ടി യുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനും ഉള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

Sreenarayana

## മലയാളം/ പഠനപിന്നോക്കാവസ്ഥ

പ്രവർത്തനം : 1
പേര് : അക്ഷരമരം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായിക്കാൻ അറിയാത്ത കുട്ടികളെ അക്ഷരമറിയുന്നവരാക്കിമാറ്റി വായിക്കാനും എഴുതാനും കഴിവുണ്ടാക്കുക. | അക്ഷരങ്ങൾ അറിയാത്ത കുട്ടികൾക്കായി ഒരുക്കുന്ന അക്ഷരം മരത്തിൽ അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ഒട്ടിച്ചുവയ്ക്കുന്നു ഒരുവാക്ക് പറഞ്ഞാൽ അതിലെഅക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവ ആ മരത്തിൽനിന്ന് കണ്ടുപിടിക്കാൻ കുട്ടികൾക്ക് നിർദ്ദേശം കൊടുക്കുന്നു ഇങ്ങനെ കുട്ടികളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 2
പേര് : എന്റെ പിറന്നാൾ പുസ്തകം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായന ശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെപുസ്തകങ്ങൾ ശേഖരിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 5000 |

പ്രവർത്തനം : 3
പേര് : ഉച്ചഭാഷിണി വായന (കുട്ടികളുടെ ആകാശവാണി അവതരണ മികവ്)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. | വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ചപുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. ഓരോ ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ ക്ലാസ് ടീച്ചർ മലയാളം അദ്ധ്യാപകർ | വിവിധ ക്ലബ്ബുകൾ പി.ടി.എ |

പ്രവർത്തനം : 4
പേര് : വാർത്താലോകത്തേക്ക്
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാവിൽ അർത്ഥ പൂർണ്ണ മായ വായന ഉറപ്പുവരുത്തുക | വാർത്താലോകത്തേക്ക് പത്രം, മാസികകൾ, ആഴ്ച പതിപ്പുകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുക | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ലൈബ്രറി കമ്മിറ്റി | 4000 |

പ്രവർത്തനം : 5
പേര് : സംവാദം മുഖാമുഖം
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തുക | സാഹിത്യകാരൻമാർ, എഴുത്തുകാർ, കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകൻ | പി.ടി.എ |

പ്രവർത്തനം : 6
പേര് : ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്ക്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്തല കയ്യെഴുത്ത് മാഗസിൻ ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ | 2000 |

Sreenarayana

പ്രവർത്തനം : 7
പേര് : ഇ-കമ്പ്യൂട്ടിംഗ്
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം സർഗ്ഗാത്മക ശേഷി വളർത്തലും | മുഴുവൻ കുട്ടികളേയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഈ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | എല്ലാ മാസവും | ക്ലാസ് ടീച്ചർ | മലയാളം ക്ലബ്ബ് |

പ്രവർത്തനം : 8
പേര് : എന്റെ വായനാ കുറിപ്പുകൾ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളേയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള വായനാകുറിപ്പ് തയ്യാറാക്കൽ (ചെറിയ ക്ലാസ്സിൽ വായനാ കാർഡ്) വായനാകുറിപ്പിനുള്ള പുസ്തകം വിദ്യാലയം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 9
പേര് : കയ്യെഴുത്ത് മാസികകൾ, പ്രിന്റഡ് മാഗസിൻ
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സർഗ്ഗാത്മക രചനകൾക്കുള്ള അവസരമൊരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ (ചുമർചിത്രം, കയ്യെഴുത്ത് മാഗസിൻ ഇവയിൽനിന്ന്) | ഓരോ ടേമിലും പ്രിന്റഡ് മാഗസിൻ വർഷത്തിൽ ഒന്ന് | വിദ്യാരംഗം ഭാഷാക്ലബ്ബ് പരസ്യം വഴി ഫണ്ടിംഗ് | 15000 |

Sreenarayana

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : One day English
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്ക്കാര ങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരു ദിനം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീ ഷിൽ അവതരിപ്പിക്കുന്നു. | ആഴ്ച യിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2
പേര് : Follow me if you can
ഉപമേഖല : പ്രകടന വേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് വായി ക്കാനും അനായാസം സംസാരിക്കാനും അവസരം ഒരുക്കുന്നു. | ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസ രിച്ച് പ്രവർത്തിക്കാ നുള്ള അവസരം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാ പിക | ഇംഗ്ലീഷ് ക്ലബ്ബ് |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ)
ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷി ലുള്ള ആവിഷ്ക്കാര ങ്ങൾക്ക് അവസരമൊ രുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കൂ.<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്റ്റ് - സ്വാതന്ത്ര്യദിനം<br>സെപ്റ്റംബർ-ഓണം<br>ഒക്ടോബർ- ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ- ക്രിസ്തുമസ്സ്<br>ജനുവരി - നൂഇയർ | ഓരോ മാസവും | ക്ലാസ് ടീച്ചർ | |

Sreenarayana

പ്രവർത്തനം : 4
പേര് : Lets Start
ഉപമേഖല : വായനാ സാമഗ്രി

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് സംസാരിക്കുവാൻ അവസരം ഒരുക്കുന്നു. | ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാരരൂപങ്ങളാക്കി അവതരിപ്പിക്കാൻ ( Skit, Drama, Conversation, Story Telling) | നവംബർ | ഇംഗ്ലീഷ് അധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |

പ്രവർത്തനം : 5
പേര് : Work sheet work shop
ഉപമേഖല : അധ്യാപക ശാക്തീകരണം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| മുഴുവൻ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം നേടുക | ഭിന്നനിലവാരക്കാരായ കുട്ടികൾക്കായി വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. അധ്യാപകരുടെ നേതൃത്വം | ജൂൺ മാർച്ച് | എസ്. ആർ.ജി | 4000 |

പ്രവർത്തനം : 6
പേര് : **I Too Can!**
ഉപമേഖല : പ്രകടന വേദികൾ

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | വ്യത്യസ്തതലങ്ങളിലായി വിവിധ വായനകാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരംമൊരുക്കുന്നു. | ഡിസംബർ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |

Sreenarayana

# പരിസര പഠനം

പ്രവർത്തനം : 1
പേര് : ശാസ്ത്ര പഠനോപകരണ ശില്പ ശാല
ഉപമേഖല : ലാബ് ശാക്തീകരണം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾ ക്കിണങ്ങും വിധം ശിൽപ ശാലകൾ, ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |

പ്രവർത്തനം : 2
പേര് : നിശാഗന്ധി ജൈവ വൈവിദ്ധ്യ പാർക്ക്
ഉപമേഖല : ശാസ്ത്ര അവബോധം വളർത്തൽ

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ജീവിത സാഹച ര്യങ്ങളിൽനിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്ര ത്തെ തിരിച്ചറി യൽ | ഔഷധത്തോട്ടം, പച്ചക്കറി ത്തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ജൈവ വൈവി ധ്യ പാർക്ക് നിർമ്മാണം | എല്ലാ മാസ ത്തിലും | ശാസ്ത്രാ ധ്യാപകൻ, സയൻസ് ക്ലബ് | പി.ടി.എ |

പ്രവർത്തനം : 3
പേര് : പരീക്ഷണ കിറ്റ്
ഉപമേഖല : നിരീക്ഷണ പ്രവർത്തനങ്ങൾ

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്തപ്രക്രി യാശേഷിക ളുടെ വളർച്ച ക്കിണങ്ങും വിധമുള്ള പ്രവർത്തന ങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും (3,4 ക്ലാസ്സ്) ശാസ്ത്ര പരീക്ഷണ ങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണകിറ്റ് തയ്യാറാക്കൽ | മാർച്ച് ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

Sreenarayana

പ്രവർത്തനം : 4
പേര് : **വിസ്മയ യാത്ര**
ഉപമേഖല : ശാസ്ത്ര പഠനം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ഐ.സി.റ്റി യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകൻ | |

പ്രവർത്തനം : 5
പേര് : **നാടറിയൽ**
ഉപമേഖല : പ്രാദേശികം

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| നാടറിയൽ, നാട്ടറിവുകൾ | കർഷകരുമായി അഭിമുഖം<br>കൃഷിയിടത്തിലേക്ക്<br>നമുക്കും കർഷകരാകാം | ജനുവരി | എസ്. ആർ.ജി, എസ്.എം. സി, നാട്ടുകാർ | |

Sreenarayana

# സാമൂഹികാവബോധം

പ്രവർത്തനം : 1
പേര് : അതിഥിയെ അറിയൽ
ഉപമേഖല : സാമൂഹ്യ അവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹികമായ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖത്തിന് അവസരമൊരുക്കൽ, ചർച്ചകൾ, സംവാദങ്ങൾ, ക്ലാസ് തലത്തിൽ സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പ്രാദേശിക അറിവ്
ഉപമേഖല : നാട്ടറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| നമ്മുടെ നാടിന്റെ ചരിത്രം മനസിലാക്കുന്നതിന്, സാംസ്കാരികമായ അതിന്റെ തനിമ നിലനിർത്തുന്നതിന് | നാടിന്റെ ചരിത്രം തേടി പ്രാദേശിക അന്വേഷണങ്ങൾ നടത്തുകയും ശിൽപശാലകൾ നടത്തുകയും ചെയ്യുക | നവംബർ | SSG | |

പ്രവർത്തനം : 3
പേര് : ഫീൽഡ് ട്രിപ്പ്
ഉപമേഖല : പൊതു സ്ഥാപനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേ,ൻ, പോസ്റ്റാഫീസ്, പഞ്ചായത്ത്, വില്ലേജ്, ആശുപത്രി മുതലാവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 4
പേര് : Virtual Field Trip
ഉപമേഖല : പൊതുസ്ഥലങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യപരമായ ജീവിതം, സമീപനം, രൂപപ്പെടുത്തുക | ഐ.സി.റ്റി സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

പ്രവർത്തനം : 5
പേര് : വിദ്യാലയത്തിൽ നിന്നും അരങ്ങത്തേക്ക്
ഉപമേഖല : പൊതുസ്ഥലങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാർആക്കുന്നു. | ഗ്രാമസഭ, വാർഡ്, എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

പ്രവർത്തനം : 6
പേര് : ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം
ഉപമേഖല : പൊതുസ്ഥലങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവൽക്കിക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റേയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ |

Sreenarayana

# ഗണിതം

പ്രവർത്തനം : 1
പേര് : ശിൽപശാല
ഉപമേഖല : ശിൽപശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാ കുട്ടികളേയും അർഹരാക്കുക | എല്ലാ ക്ലാസ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ ബന്ധപ്പെടുത്തി ശിൽപശാല തയ്യാറാക്കൽ | ഓരോ ടേമിന്റേയും തുടക്കത്തിൽ | SSG | 4000 |

പ്രവർത്തനം : 2
പേര് : ഗണിത ലാബ് (ഗണിതമധുരം)
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിയ്ക്കുക. | കുട്ടികൾക്ക് സ്വതന്ത്രരായി | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : 3
പേര് : ഗണിതപാർക്ക്
ഉപമേഖല : ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവിശ്യം | SSG | 4000 |

Sreenarayana

പ്രവർത്തനം : 4
പേര് : ഗണിത ഗ്രാമം
ഉപമേഖല : യൂണിറ്റ് ടെസ്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതമേഖല യിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യം ഉണ്ടാക്കുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപകർ ക്ലബ് ലീഡർമാർ | |

പ്രവർത്തനം : 5
പേര് : ഗണിത ക്ലാസ്
ഉപമേഖല : പി.ടി.എ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷി നേടി എന്നുറപ്പാക്കൽ. | ഓരോ ക്ലാസിലും ഗണിതപാഠങ്ങളിലെ HW പ്രവർത്തനങ്ങൾ രക്ഷിതാക്കൾക്ക് ലിസ്റ്റ് ചെയ്തു നൽകുന്നു. പിന്തുണനാ സംവിധാനം രക്ഷിതാക്കൾ ഒരുക്കുന്നു. | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 6
പേര് : ഗണിതം മധുരം
ഉപമേഖല : ഗണിത കേളി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതത്തിൽ പിന്നോക്കം നിൽക്കുനനന കുട്ടികൾക്കായി പ്രത്യേക പഠന പദ്ധതി ആസൂത്രണം ചെയ്യൽ ക്യാമ്പുകൾ, ശിൽപശാലകൾ. | ജൂൺ മുതൽ ആഗസ്റ്റ് വരെ | ക്ലാസ്സ് ടീച്ചർ | |

Sreenarayana

# പ്രവൃത്തി പരിചയം

പ്രവർത്തനം : 1
പേര് : പ്രവൃത്തി പരിചയ ശിൽപശാല
ഉപമേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ നിർമ്മാണം, ചന്ദനത്തിരി പാവ, ചോക്ക് | സെപ്തംബർ | ക്ലാസ് ടീച്ചർ | 2000 |

പ്രവർത്തനം : 2
പേര് : പേപ്പർ ബാഗ് നിർമ്മാണം
ഉപമേഖല : പ്ലാസ്റ്റിക് രഹിത ക്യാമ്പസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർബാഗ് നിർമ്മാണം പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക | ജൂൺ മുതൽ മാർച്ച് വരെ | SSG | |

പ്രവർത്തനം : 3
പേര് : ഒറിഗാമി
ഉപമേഖല : കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇതേര വിഷയവുമായി പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകൽ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | 2000 |

Sreenarayana

# വിവര സാങ്കേതിക വിദ്യ

പ്രവർത്തനം : 1
പേര് : വിവര സാങ്കേതിക വിദ്യയിൽ പരിശീലനം
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട I.C.T സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടുത്തൽ. (സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാകൽ) | ഓരോ മാസത്തിലും | SITC | |

പ്രവർത്തനം : 2
പേര് : I.Tലാബ്
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാപനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വാതന്ത്ര്യമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കുവാനുള്ള അവസരം | IT, ICT പ്രവർത്തനങ്ങൾ പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ മുതൽ ആഗസ്റ്റ് വരെ | SITC | |

പ്രവർത്തനം : 3
പേര് : ഐ.ടി. സാധ്യതകളിലൂടെ
ഉപമേഖല : കമ്പ്യൂട്ടർ വിജ്ഞാപനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആധുനിക ശാസ്ത്ര സാങ്കേതിക, വിദ്യാസാധ്യതകൾ, ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതിയരൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ. ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിലൊരു പ്രാവശ്യം | ഗണിത അദ്ധ്യാപകർ | |

Sreenarayana

## സർഗവേദി

പ്രവർത്തനം : 1
പേര് : സർഗവേദി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കലാഭിരുചി വളർത്തുക (കുട്ടികളുടെ സർഗാത്മക കഴിവുകൾ) | ആഴ്ചയിൽ ഒരു ദിവസം എല്ലാക്ലാസിലും സർഗ്ഗവേദി നടത്തൽ നേതൃത്വം വിദ്യാർത്ഥികൾ | എല്ലാ ആഴ്ച യിലും | CT<br>SRG | |

പ്രവർത്തനം : 2
പേര് : ടാലന്റ് ലാബുകൾ
ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഓരാ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പി ക്കുന്ന തരത്തിലു ള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തം,ആലാപനം, ചിത്ര രചന,ക്രാഫ്റ്റ് വർക്ക്,പെ യിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം | എല്ലാ മാസ ത്തിലും | SRG<br>PTA | 3000 |

പ്രവർത്തനം : 3
പേര് : പ്രകടനവേദികൾ
ഉപമേഖല : സോഷ്യൽ മീഡിയ പ്രകടനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഓരോ കുട്ടിയു ടെയും സവിശേഷ മായ വികസന ത്തിന് അവസര മൊരുക്കുക | കുട്ടികളുടെ മികവുകൾ സ്ക്കൂൾ യുടുബ് ചാനൽ വഴി സമുഹവുമായി പങ്കു വെക്കൽ | ജൂൺ – മാർച്ച് | SRG<br>CT | |

Sreenarayana

## ആരോഗ്യ - കായിക- വിദ്യാഭ്യാസം

പ്രവർത്തനം : 1
പേര് : കായികാരോഗ്യം
ഉപമേഖല : എയറോബിക്സ് എക്സെർസൈസ്സ്,ഫുട്ബോൾ കോച്ചിങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി,അവരെ എത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്തരാക്കുക | ഫുട്ബോൾ കോച്ചിങ് ക്യാമ്പ്,സ്കിപ്പിംഗ് പരിശീലനം, ബാറ്റ്മിന്റൺ, അത്‌ലറ്റിക് പരിശീലനം | ജൂൺ- മാർച്ച് | HM SRG PTA | 10000 |

പ്രവർത്തനം : 2
പേര് : ഹെൽത്ത് ചെക്ക് അപ്പ്
ഉപമേഖല : ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പു വരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പു വരുത്താനായി ആദ്യ ടെർമിൽ ഹെൽത്ത് ചെക്ക്അപ്പ് | ജൂൺ - സെപ്തംബർ | PTA | 3000 |

പ്രവർത്തനം : 3
പേര് : കായിക വിദ്യാഭ്യാസം - അധ്യാപക ശിൽപ്പശാല
ഉപമേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | പി.റ്റി. പിരിഡിൽ ഫിസിക്കൽ എക്സൈസ്,ഗെയിംസ് എന്നിവ നൽകുന്നതിന് ക്ലാസ് ടീച്ചർക്ക് പരിശീലനം നൽകൽ. | ജൂൺ - മാർച്ച് | SRG | 1000 |

Sreenarayana

# സംസ്കൃതം

പ്രവർത്തനം : 1
പേര് : വായനാകളരി
ഉപമേഖല : കഥകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളെ സംസ്കൃത ഭാഷ യിൽ സ്വയം പര്യാ പ്തരാക്കുക | സ്ക്കൂൾ സിലബസിനു പുറമേ സംസ്കൃത കഥ കൾ മറ്റ് വായനാസാമഗ്രി കൾ ലഭ്യാമാക്കുക | ഒരു വർഷം | സംസ്കൃതം അദ്ധ്യാപിക | PTA |

പ്രവർത്തനം : 2
പേര് : അക്ഷരം ഉറപ്പിക്കൽ
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഭാഷയുടെ അടി സ്ഥാനശേഷി വിക സനം ആശയസം വാദനം നടത്താ നും പദസമ്പത്ത് വളർത്താനും പഠി താക്കളെ പ്രാപ്ത രാക്കുന്നു | അക്ഷരം ഉറപ്പിക്കൽ, അക്ഷരകാർഡുകൾ വാക്കു കൾ എഴുതിയ കാർഡു കൾ എന്നിവയിലൂടെ അക്ഷരം ഉറപ്പിക്കൽ അക്ഷരമാലാപാട്ട് (ICT) പാടിക്കുന്നു. വിവിധ കളി കൾ ഇവയിലൂടെ അക്ഷര ങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ- ജൂലൈ | സംസ്കൃതം അദ്ധ്യാപിക | PTA |

പ്രവർത്തനം : 3
പേര് : സംസ്കൃത ചലച്ചിത്രം
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളിൽ സാഹിത്യ അഭി രുചി വളർത്തുക. സാഹിത്യകാരൻമാ രോടും സൃഷ്ടിക ളോടും കലക ളോടും താൽപര്യം സൃഷ്ടിക്കുക | സംസ്കൃത പണ്ഡി തൻമാരുമായി അഭിമുഖം സംഘടിപ്പിക്കുക.സം സ്കൃത ചലച്ചിത്രപ്രദർശനം സാഹിത്യകൃതികൾ പരി ചയപ്പെടുത്തുക. | ഒരു വർഷം | സംസ്കൃതം ക്ലബ്ബ് | PTA |

മേഖല : **യു.പി. ഇംഗ്ലീഷ്**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | • **Follow me if you can**<br>ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങ ക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |
| | • **One day English**<br>ആഴ്ചയിൽ ഒരു ഇംഗ്ലീഷ് അസംബ്ലി ചെയ്യാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപിക | |
| | • **Lend your Ear**<br>ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കാർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അദ്ധ്യാപിക | |
| | • **Treasure Hunt**<br>വ്യത്യസ്ഥമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാകുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |

Sreenarayana

മേഖല : **യു.പി. ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 2. ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. ശരിയായി ഇംഗ്ലീഷ് സംസാരിക്കുവാൻഅവസരം ഒരുക്കുന്നു. | • **I Too Can!** വ്യത്യസ്തതലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ നൽകുന്നു. (ലളിതം- സങ്കീർണ്ണം) | ഒക്ടോബർ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |
| | • **Lets Start** ആഴ്ചയിൽ ഒരു ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling) | നവംബർ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |
| 3. സർഗ്ഗാത്മക രചനശേഷി വികസനം | • **We Can Make** കുട്ടികളുടെ രചനകൾ, ചിത്രങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ | ഡിസംബർ | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |
| | • **Alert Zone** സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ, എന്നിവ തയ്യാറാക്കി സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ജനുവരി | ഇംഗ്ലീഷ് അദ്ധ്യാപിക | |
| | • **Caption It** ഒരു ചിത്രത്തിന് അനുയോജ്യമായ ഇംഗ്ലീഷ് ക്യാപ്ഷൻ കണ്ടെത്തുക. സൃഷ്ടിപരമായ ചിന്തയും ഭാഷാനൈപുണ്യവും ഒരുമിച്ച് വികസിപ്പിക്കാൻ സാധിക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |

Sreenarayana

മേഖല : **യൂ.പി. ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. വായന, ശ്രവണം, നിരീക്ഷണം എന്നിവയുടെ സംയുക്ത വികസനം | • **Tongue Twisters Challenge**<br>വിദ്യാർത്ഥികൾക്ക് രസകരമായ ഇംഗ്ലീഷ് ടങ് ടിസ്റ്റുകൾ ഉച്ചരിക്കാൻ അവസരം നൽകുന്നു. ഉച്ചാരണ വൈഭവം മെച്ചപ്പെടുത്താൻ സഹായിക്കുന്നു.<br><br>• **Who amI?**<br>ഒരു വ്യക്തിയെപ്പറ്റിയുള്ള സൂചനകൾ നൽകുന്നു. അവ ഉപയോഗിച്ച് ആളെ കണ്ടെത്തുക. വായന, ശ്രവണം, നിരീക്ഷണം എന്നിവ വളർത്തുന്നു. | മാസത്തിൽ ഒരിക്കൽ Or ആഴ്ചയിൽ 5 ദിവസം<br><br>ആഴ്ച തോറും | ഇംഗ്ലീഷ് അദ്ധ്യാപിക<br><br>ഇംഗ്ലീഷ് അദ്ധ്യാപിക | ഇംഗ്ലീഷ് ക്ലബ്ബ് |

Sreenarayana

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : ഗൈഡ്ലൈൻസ് – കൗൺസിലിംഗ്

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| വൈകാരിക പിന്തുണ സംവിധാനത്തിന്റെ അഭാവം | • ഗൃഹസന്ദർശനം നടത്തി കുട്ടികളുടെ പരമാവധി വിവരശേഖരണം നടത്തുന്നു.<br>• സ്കൗട് & ഗൈഡ്, SAW, SPC വിപുലികരണം<br>• അധ്യാപകർക്ക് വിഗദ്ധ പരിശീലനം നൽകുന്നു.<br>• വിദ്ഗദ്ധരെ ഉൾപ്പെടുത്തി പാരന്റിംഗ് ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• സ്ക്കുൾ മാതൃസമിതി പ്രവർത്തനം ശക്തമാക്കുന്നു.<br>• സന്നദ്ധസംഘടനകളുടെ സാഹയങ്ങൾ ലഭ്യമാക്കുന്നു.<br>• വിദ്ഗ്ദ്ധ പരിശീലനം ലഭിച്ചവരെ ഉൾപ്പെടുത്തി കൗൺസിലിംഗ് സെന്റർ രൂപികരിക്കുന്നു. | 2018-2020 | 10000 | BRC, PTA,PHC, Scout & Guides |
| ആരോഗ്യ കുടുംബ ബന്ധങ്ങളിലെ പ്രശ്ന പരിഹരണം നടത്താനുള്ള പ്രയാസം | • പ്രാദേശിക കൂട്ടായ്കൾ സംഘടിപ്പിക്കുന്നു.<br>• കോർണർ  പി.ടി.എ കൾ രൂപികരിക്കുന്നു.<br>• തെരുവോര നാടക സമിതി രൂപികരിക്കുന്നു.<br>• സെമിനാർ  ബോധവത്കരണക്ലാസ്, പോസ്റ്റർ പ്രദർശനം, വീഡീയോ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു.<br>• പ്രദേശികതലത്തിൽ ജനജാഗ്രാത സമിതി രൂപികരിക്കുന്നു.<br>• സ്കൗട് & ഗൈഡ്സ് ഉപയോഗിച്ച് ലഹരി വിരുദ്ധ സേന രൂപീകരണം | 2018-2020 | 10000 | BRC, PTA,PHC, Scout & Guides സ്ഥാപനങ്ങൾ |

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | എജൻസി |
|---|---|---|---|---|
| ജീവിത നൈപുണി വികസനം, വ്യക്തിത്വ വികസനം എന്നിവയിലെ കുറവ്. | • സ്ക്കൂൾ സാഹിത്യസാമജം മെച്ചപ്പെടുത്തുന്നു<br>• ബോധവത്കരണക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>• കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു.<br>• മോട്ടിവേഷൻ ക്ലാസുകൾ, കരിയർ ഗൈഡൻസ് ക്ലാസുകളെന്നിവ സംഘടിപ്പിക്കിന്നു.<br>• അവധിക്കാല സഹവാസ ക്യാമ്പുകൾ, തിയേറ്റർ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു. | 2018-2020 | 20000 | BRC, PTA,PHC, Scout & Guides സ്ഥാപനങ്ങൾ |
| സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാനുള്ള താൽപ്പര്യമില്ലായ്മ | • സെ്ക്കൂളിൽ ബോധവത്കക്രണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.<br>• സ്കൂളിലും തുടർന്ന് വീട്ടിലും ഗ്രീൻ പ്രോട്ടോകോൾ നിർബന്ധമാക്കുന്നു.<br>• പ്ലാസ്റ്റിക് ശേഖരണം, തരം തിരിക്കൽ,വിപണനം എന്നിവയ്ക്കാവശ്യമായ പദ്ധതി പഞ്ചായത്തുമായി ചേർന്ന് രൂപപ്പെടുത്തുന്നു.<br>• പിടിഎ സാഹയത്തോടെ പേപ്പർ ബാഗ്, പോപ്പർ, പേന എന്നിവ നിർമ്മിക്കുന്നു. | 2018-2019 | 10000 | PTA, Scout & Guides സ്ഥാപനങ്ങൾ |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : വിജയഭേരി

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| മലയാളം, ഗണിതം ഇംഗ്ലിഷ് എന്നീ വിഷയങ്ങളിലെ അടിസ്ഥാനശേഷികൾ കൈവരിക്കുന്നതിലുള്ള കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികളെ ബന്ധിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനം മലയാളത്തിളക്കം<br>ഗണിതം മധുരം, ഹലോ ഇംഗ്ലിഷ് ശ്രദ്ധ (അഞ്ചാം തരത്തിന് മാത്രം) പ്രതിഭാ കേന്ദ്രം ശ്രദ്ധ (അഞ്ചാം തരത്തിന് മാത്രം)<br>ജൂൺ, ജൂലൈ,ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ വരെയുള്ള 5 മാസങ്ങൾ<br>നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി, മാർച്ച് വരെയുള്ള അഞ്ച് മാസങ്ങൾ.<br>ഒരു മാസം 20 Working days 20x40 mts 800 മിനിട്ടുകൾ<br>അദാലത്ത് 13 മണിക്കുർ<br>4 ശനിയാഴ്ചകൾ 4x3 hrs 12 മണിക്കൂർ<br>ആദ്യ ഘട്ടത്തിൽ 5 മാസം 25 മണിക്കൂർ 125 മണിക്കൂറുകൾ<br>ഇതിൽ 20 മണിക്കുർ കുറയ്ക്കാം ബാക്കി 105 മണിക്കൂർ.<br>ഇംഗ്ലീഷ് 35 മണിക്കൂർ (7 days)<br>മലയാളം 35 മണിക്കൂർ (7 days)<br>ഗണിതം 35 മണിക്കുർ (7days)<br>രണ്ടു ഘട്ടങ്ങളിലായി 210 മണിക്കുർ ക്ലാസ് കിട്ടുന്നതാണ് .<br>ഒരു വിഷയത്തിന് ആകെ 70 മണിക്കൂർ (5 മണിക്കൂർ ക്ലാസ് ഒരു ദിവസമെന്ന് കണക്കാക്കിയാൽ 14 ദിവസത്തെ ക്ലാസ് ഒരു വിഷയത്തിന് ലഭിക്കാവുന്നതാണ്.<br>വിവിധ പരിപാടികളെ ഈ സമയക്രമവുമായി ബന്ധിപ്പിക്കാം. | 2018 ജൂൺ മുതൽ | 50000 | SSA SSG PTA |

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| | ഇംഗ്ലീഷ് മലയാളം ഗണിതം തനതു പ്രവർത്തനങ്ങൾ<br>ഹലോ ഇംഗ്ലീഷ്<br>മലയാളത്തിളക്കം<br>പ്രതിഭാകേന്ദ്രം പ്രവർത്തനങ്ങൾ<br>ശ്രദ്ധ 5,6,7<br>രണ്ടാം ഘട്ടത്തിന് മുമ്പായി പ്രാഥമിക വിലയിരുത്തൽ നടത്താവുന്നതാണ്.വീണ്ടും സഹായാവശ്യമുള്ള കുട്ടികൾക്ക് സഹായം ചെയ്യാവുന്നതാണ്. | | | |
| പഠന വൈകല്യമുള്ള കുട്ടികളുടെയും പഠനപിന്നോക്കാവസ്ഥ അനുഭവപ്പെടുന്ന കുട്ടികളെയും അവരവരുടെ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും അവരു ടെ പിന്നേക്കാവസ്ഥ പരിഹരിക്കുകയും ചെയ്യുക | അഞ്ചാം ക്ലാസിലെ മേൽപറഞ്ഞ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ കണ്ടെത്തി പ്രോൽസാഹനം നൽകൽ.<br>ആദ്യഘട്ടത്തിൽ മുഴുവൻ അധ്യാപകർക്കും പരിശീലനം നൽകൽ.<br>രക്ഷിതാക്കൾക്കുള്ള പരിശീലന ക്ലാസുകൾ പ്രത്യേകം സംഘടിപ്പിക്കുക. | 1 വർഷം | 30000 | SSA SSG PTA |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : ഉച്ചഭക്ഷണം

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പല കുട്ടികൾക്കും പ്രഭാത ഭക്ഷണം കിട്ടുന്നില്ല | • എല്ലാ ദിവസവും രാവിലെ 9.30 ന് കഞ്ഞിയും കറിയും നൽകുക<br>• ആഴ്ചയിൽ ഒരു ദിവസം പുട്ടും കടലയും | | പ്രദേശിക സാമ്പത്തിക സമാഹരണം | Noon Feeding Committee |
| ഭക്ഷണം സമയബന്ധിതമായി തയ്യാറാക്കാനും വിതരണം ചെയ്യാനും കഴിയുന്നില്ല | • പ്രഭാതഭക്ഷണം കൈതാങ്ങ് (രക്ഷിതാക്കളുടെ പങ്കാളിത്വത്തിൽ ഭക്ഷണം തയ്യറാക്കി വിതരണം ചെയ്യുക.<br>• എല്ലാകുട്ടികൾക്കും ഭക്ഷണം കഴിക്കാനുള്ള പ്ലേറ്റ് ഗ്ലാസ്സ് ഉറപ്പാക്കുക. ആധുനിക പാചകപുരയും ഡൈനിംഗ് ഹാളും നിർമ്മിക്കുക. | 2 വർഷം | 10,00,000 | SMC<br>പ്രാദേശിക സ്വയം ഭരണ സ്ഥാപനം<br>ഗവ.ഏജൻസി |
| ഉച്ചഭക്ഷണത്തിൽ ഇലക്കറികൾ ശുദ്ധമായ പച്ചക്കറികൾ എന്നിവയുടെ അഭാവം | • പ്രാദേശിക തലത്തിൽ പച്ചക്കറി സമാഹരണം കുടുംബശ്രീ യൂണിറ്റുകളെ ഉൾപ്പെടുത്തുക<br>• സ്ക്കൂൾ പച്ചക്കറിത്തോട്ടം നിർമ്മിക്കുക<br>• സ്ക്കൂൾ പരിസരത്ത് പപ്പായ, മുരിങ്ങ, വാഴകൃഷി, പുള എന്നിവ വ്യാപിപ്പിക്കുക. | 1 വർഷം | 50,000 | PTA/SMC<br>കാർഷിക ക്ലബ്ബ് |
| എല്ലാ കുട്ടികൾക്കും ശുദ്ധമായ കുടിവെള്ളം അടുത്ത് കിട്ടുന്നില്ല | • എല്ലാ ക്ലാസിലും ചുക്ക്വെള്ളം എത്തിക്കുക.<br>• എല്ലാ ക്ലാസിലും ഫില്ലർ ടാങ്ക് സ്ഥാപിക്കുക. | | 20,000 | PTA/SMC |
| പോഷകാഹാരക്കുറവ് | • എല്ലാമാസവും ഒരു ദിവസം മാംസാഹാരം നൽകുക.<br>• ജൈവ പച്ചക്കറി ഉപയോഗിക്കുക.<br>• എന്റെ ഇഷ്ടഭക്ഷണം പദ്ധതി നടപ്പാക്കുക. | | 25,000 | PTA/SMC<br>ഉച്ചഭക്ഷണ കമ്മിറ്റി |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല :

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികളിലും രക്ഷിതാക്കളിലും ആരോഗ്യകരമായ ഭക്ഷണശീലത്തിന്റെ അറിവില്ലായ്മ. | • ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുക. ഭക്ഷണശീലത്തെപ്പറ്റി ക്ലാസ് പ്രാദേശിക പാചകരീതി പരിചയപ്പെടൽ | | 1,00,000 | PTA/MTA |
| ഭക്ഷണാവശിഷ്ടങ്ങൾ സംസ്കരിക്കാൻ കഴിയുന്നില്ല. | • ബാക്കിയുള്ള ഭക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് വീട്ടിൽ കൊണ്ടുപോകാം<br>• സ്ക്കൂളിൽ ഒരു ഫാം ശാസ്ത്രീയ കംബോസ്റ്റ് നിർമ്മിക്കുക.<br>കോഴി ഫാം | 1 വർഷം | 25,000 | PTA/SMC ഉച്ചഭക്ഷണ കമ്മിറ്റി |
| ഉച്ചഭക്ഷണം കൃത്യമായി ഓഡിറ്റിംഗ് നടക്കുന്നില്ല | • കൈതാങ്ങ് (ഒരു ദിവസം തന്റെ കുട്ടിക്ക് വേണ്ടി)<br>• എന്റെ ക്ലാസ്സിന്റെ ഭക്ഷണം.<br>• ഉച്ചഭക്ഷണത്തിൽ സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുക. | | 5,000 | MTA |
| എല്ലാവരും ഉച്ചഭക്ഷണം കഴിക്കുന്നില്ല | • ഭ്രക്ഷണം കഴിക്കുന്നവരുടെയും അല്ലാത്തവരുടെയും സർവേ<br>• പരിഹാര ബോധനം വൈവിദ്ധ്യ ഭക്ഷണം<br>• ഭക്ഷണം തയ്യാറാക്കി ക്ലാസുകളിൽ പായ്ക്ക് ചെയ്തു എത്തിക്കുക. | | | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ യൂണിറ്റുകൾ |

## അക്കാദമിക മാസ്റ്റർ പ്ലാൻ

## വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം – മേഖല : പൂർവ്വ വിദ്യാർത്ഥി അധ്യാപക കൂട്ടായ്മ

| പ്രശ്നങ്ങൾ | പരിഹാരപ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | എജൻസി |
|---|---|---|---|---|
| പൂർവ്വ വിദ്യാർത്ഥികളുടെ വിവരങ്ങൾ കണ്ടെത്തിയിട്ടില്ല | • അവരുടെ വിവരങ്ങൾ ശേഖരിക്കൽ ഫോൺ നമ്പർ എന്നിവ കണ്ടെത്തൽ.<br>• അവരുടെ സംഘടന രൂപീകരിക്കൽ.<br>• വിദ്യാഭ്യാസ പ്രവർത്തനങ്ങൾ അവതരിപ്പിക്കൽ | 2018 മുതൽ | | PTA Staff |
| അവരുടെ കൂട്ടായ്മ രൂപീകരിച്ചിട്ടിച്ചില്ല | • ഓരോ എരിയ തിരിച്ച് പൂർവ്വ വിദ്യാർത്ഥി ലിസ്റ്റ് തയ്യാറാക്കൽ<br>• ഏരിയയുടെ അടിസ്ഥാനത്തിൽ കോർണർ ഗ്രൂപ്പ് ഉണ്ടാക്കൽ<br>• അതിൽ നിന്നും സാമ്പത്തികമായി, വിദ്യാഭ്യാസപരമായി ഉയർന്നു നിൽക്കുന്നവർ കലാ-കായിക മേഖലയിലെ പ്രതിഭകൾ എന്നിവരെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കൽ. | 2018-2019 | | പിടിഎ സ്റ്റാഫ് |
| സ്ക്കൂളിന്റെ അക്കാദമിക അക്കാദമികേതര പ്രവർത്തനങ്ങൾ പൂർവ്വ വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പു വരുത്തിയിട്ടില്ല. | • സ്ക്കൂളിന്റെ വികസനത്തിന് വേണ്ട ഫണ്ട് രൂപികരണം<br>• പൂർവ്വവിദ്യാർത്ഥികളുടെ കലാപരിപാടികൾ റിസോഴ്സ് ഗ്രൂപ്പ് ഉണ്ടാക്കൽ അതിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് ക്ലാസുകൾ നൽകൽ ചിത്രം പാട്ട് നൃത്തം എന്നീ മേഖല കളിൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികൾക്ക് പരിശീലനം നൽകൽ<br>• കായിക മത്സരങ്ങളിൽ പങ്കാളിത്തം<br>• ട്രൈനിംഗ് നൽകൽ | 2018-2020 | 10,000 | പി.ടിഎ സ്റ്റാഫ് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ |
| പൂർവ്വ അധ്യാപക കൂട്ടായ്മ രൂപികരിച്ചിട്ടില്ല | • പൂർവ്വ അദ്ധ്യാപക കൂട്ടായ്മ രൂപീകരിക്കുന്നു. പ്രവർത്തനം ആസൂത്രണം ചെയ്യുന്നു. | 2018 | | പി.ടിഎ സ്റ്റാഫ് |

## അക്കാദമിക മാസ്റ്റർ പ്ലാൻ
## അക്കാദമിക് മാസ്റ്റർപ്ലാൻ– സംസ്കൃതം

പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല വിശകലനം | സാമ്പത്തിക |
|---|---|---|---|---|
| കുട്ടികളെ സംസ്കൃതഭാഷയിൽ സ്വയം പര്യാപ്തരാക്കുക | സ്ക്കൂൾ സിലബസിനു പുറമേ സംസ്കൃത കഥകൾ,മറ്റ് വായനാസാമഗ്രികൾ ലഭ്യാമാക്കുക | ഒരു വർഷം | സംസ്കൃത അധ്യാപിക | PTA |
| ഭാഷയുടെ അടിസ്ഥാനശഷി വികസനം ആശയ സം വാദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപാതരാക്കുന്നു. | അക്ഷരം ഉറപ്പിക്കൽ അക്ഷര കാർഡുകൾ വാക്കുകൾ എഴുതിയ കാർഡുകൾ എന്നിവയിലൂടെ അക്ഷരം ഉറപ്പിക്കൽ അക്ഷരമാലാപാട്ട് (ICT) പാടിക്കുന്നു. വിവിധ കളികൾ ഇവയിലൂടെ അക്ഷരങ്ങൾ ഉറപ്പിക്കുന്നു | ജൂൺ–ജൂലൈ | സംസ്കൃത അധ്യാപിക | PTA |
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക. സാഹിത്യകാരൻമാരോടും സൃഷ്ടികളോടും കലകളോടും താൽപ്പര്യം സൃഷ്ടിക്കുക. | സംസ്കൃത പണ്ഡിതൻമാരുമായി അഭിമുഖം സംഘടിപ്പിക്കുക.സംസ്കൃത ചലച്ചിത്ര പ്രദർശനം സാഹിത്യകൃതികൾ പരിചയപ്പെടുത്തുക. | ഒരു വർഷം | സംസ്കൃത ക്ലബ്ബ് | PTA |
| കുട്ടികളുടെ സർഗ്ഗാത്മക ശേഷി വളർത്താൻ ഉതകുന്ന സൃഷ്ടികൾ രൂപപ്പെടുത്തുക. | പതിപ്പ് തയ്യാറാക്കൽ സുഭാഷിത രചന സമസ്യാപുരാണം രചനാമത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക. | ഒരു വർഷം | സംസ്കൃത ക്ലബ്ബ് | PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ
## അക്കാദമിക് മാസ്റ്റർപ്ലാൻ – സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല വിശകലനം | സാമ്പത്തിക |
|---|---|---|---|---|
| 1. സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | **<u>അകത്തട്ട്കളിയിൽ നിന്ന് കാര്യത്തിലേക്ക്</u>**<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിനു പഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമി വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | **<u>ഓർമ്മച്ചെപ്പ്</u>**<br>അന്തർദേശിയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭുപ്രകൃതി, തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാകി ICT സാധ്യതകളുപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമി വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 3. ജനാധിപത്യപരമായ ജിവീത സമീപനം രൂപപ്പെടുത്തുക | **<u>Virtual Field T Risk</u>**<br>ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമി വർഷാരംഭം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 4. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | **<u>വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്</u>**<br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസിലാക്കുന്നു | അക്കാദമി വർഷാരംഭം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല വിശകലനം | സാമ്പത്തിക |
|---|---|---|---|---|
| 5. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | **നന്മയുടെ നുറുങ്ങ് വെട്ടം**<br>പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നല്കുന്നു. മിതവ്യയശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധന സാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | PTA |
| 6 വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ്സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | **ചിലന്തിവലയിൽ നിന്ന് കുതിച്ചുചാട്ടം**<br>സാമൂഹ്യശാസ്ത്രം ക്ലബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെ ട്രാഫിക് പോലിസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും, റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം എന്നി വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | സാമൂഹ്യ ശാസ്ത്രം ക്ലബ്ബ് |
| 7. സുസ്ഥിരവികസനം കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | **കാടെവിടെ മക്കളെ (ഫീൽഡ് സർവേ)**<br>പരിസ്ഥതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർതടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യറാക്കുന്നു. | അക്കാദമി വർഷാരംഭം | സാമൂഹ്യ ശാസ്ത്രം അധ്യാപകർ | |
| 8. സാമുഹ്യശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ അന്തഷർ ദേശിയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല വിശകലനം | സാമ്പത്തിക |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം ആശയസംവാദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാലത്തെ അനുഭവങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ (കഥ; കവിത യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>**ഭാഷകേളി**<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനംഎന്നിവ വളർത്തുന്നു.<br>**വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ<br><br>മലയാളം അധ്യാപകർ | മലയാളം ക്ലബ്ബ് |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക. | **വാർത്തലോകത്തേക്ക്**<br>പത്രം, മാസികകൾ ആഴ്ച്ചപതിപ്പ് എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>**വാർത്തവായന**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്ക്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ<br><br>മലയാളം ക്ലബ്<br><br>മലയാളം ക്ലബ് | മലയാളം ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല വിശകലനം | സാമ്പത്തിക |
|---|---|---|---|---|
| 3. സാഹിത്യകൃതികളോടും സാഹിത്യകാരോടുമുള്ള അനുകുല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം /മുഖാമുഖം**<br>സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ | പി.ടി.എ |
| 4. മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും | **ഇ -കമ്പ്യൂട്ടറിംഗ്**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശിലിപ്പിക്കുകയും ഇ മാഗസിൻ പ്രസിദ്ധികരിക്കുകയും ചെയ്യുന്നു.<br>മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യറാക്കുന്നു. | | മലയാളം, ഐ.ടി അധ്യാപകർ | മലയാളം ക്ലബ് |
| കുട്ടികളുടെ ആകാശവാണി (അവതരണ മികവ്) | വിശേഷ ദിനങ്ങളും ദിനാചരങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു.<br>വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ എറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും എറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്ക്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ലിഡർമാർ സ്ക്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബുകൾ പിടിഎ |

# ST MARY'S UPS MOONGODU CHANNAPETTA

# Academic Master Plan

2025-2026

